01
2026
മാർച്ച്
ഞായർ
കുംഭം 17

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 47 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-47 പേജ് 4, വില 2.00 രൂപ

ADMISSION STARTED...!! CALL 8281702020
STUDY ANIMATION
VFX IN RIGHT CAMPUS!
BSc ANIMATION
MSc AND VISUAL EFFECTS
5 STAR Google Rating
MOHANLAL'S
VISMAYASMAX
ANIMATIONS

ഒന്നായി തുടരാം
നവകേരളത്തിലേക്ക്

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# വാക്ക് പാലിച്ചും, കൂടെ നിന്നു

## നിശ്ചയദാർഢ്യത്തോടെ, ഇച്ഛാശക്തിയോടെ പ്രതിസന്ധികളെ അതിജീവിച്ച് വയനാടിനെ ചേർത്തു പിടിച്ച് സർക്കാർ

### വയനാട് മാതൃകാ ടൗൺഷിപ്പ് ഒന്നാം ഘട്ടം

ഉദ്ഘാടനം: **ശ്രീ പിണറായി വിജയൻ** ബഹു. മുഖ്യമന്ത്രി

അധ്യക്ഷൻ: **ശ്രീ കെ. രാജൻ** ബഹു. റവന്യു - ഭവന നിർമ്മാണ വകുപ്പ് മന്ത്രി

**എൽസ്റ്റൺ എസ്റ്റേറ്റ്, കൽപ്പറ്റ / 2026 മാർച്ച് 1 / രാവിലെ 11 ന്.**

**ബഹു . മന്ത്രിമാർ, ജനപ്രതിനിധികൾ, മറ്റ് വിശിഷ്ടാതിഥികൾ പങ്കെടുക്കും**

### അതിജീവനത്തിന് കേരളം തീർത്ത ലോകമാതൃക

- 410 വീടുകൾ ഉൾക്കൊള്ളുന്ന സമഗ്ര പുനരധിവാസ ഗ്രാമം
- 35 ക്ലസ്റ്ററുകളായി ആസൂത്രിത വികസനം
- ആദ്യ ഘട്ടത്തിൽ 178 കുടുംബങ്ങൾക്ക് വീട് കൈമാറ്റം
- 351.48 കോടി രൂപയുടെ ഭരണാനുമതിയോടെ നടപ്പാക്കുന്ന പദ്ധതി
- 'Build Back Better' ആശയത്തിൽ രൂപകൽപ്പന
- 'Speed with Structure' മാതൃകയിൽ സമയബന്ധിത പൂർത്തീകരണം
- 11.4 കിലോമീറ്റർ റോഡ് ശൃംഖല
- ഭൂഗർഭ വൈദ്യുതി വിതരണം
- 9.5 ലക്ഷം ലിറ്റർ ശേഷിയുള്ള കുടിവെള്ള പദ്ധതി
- ഓരോ വീട്ടിലും സൗരോർജ സംവിധാനം, 1000 ലിറ്റർ കുടിവെള്ള ടാങ്ക്, ഡ്രെയ്നേജ് സംവിധാനം
- അങ്കണവാടി, പൊതുജനാരോഗ്യ കേന്ദ്രം, മെമ്മോറിയൽ, കമ്മ്യൂണിറ്റി ഹാൾ, മാർക്കറ്റ്, ഫുട്ബോൾ ഗ്രൗണ്ട്, മാലിന്യ സംസ്കരണ കേന്ദ്രം, എന്നിങ്ങനെയുള്ള സൗകര്യങ്ങൾ
- M25 സിമന്റ്, Fe 500D സ്റ്റീൽ തുടങ്ങിയ ഉയർന്ന നിലവാരമുള്ള നിർമ്മാണ വസ്തുക്കൾ
- 58 ഘട്ടങ്ങളിലായി നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാര പരിശോധന
- 20 വർഷം വാറന്റിയുള്ള ഏറ്റവും മികച്ച സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള നിർമ്മാണം
- പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ പര്യാപ്തമായ നിർമ്മിതി
- അതിവേഗ ഭരണാനുമതികൾക്കായി പ്രത്യേക ഫയൽ സ്ട്രീംലൈൻ സംവിധാനം



# അപൂർവരോഗ ദിനത്തിൽ നിർണായക തീരുമാനമായി ആരോഗ്യ വകുപ്പ്

## ഇന്ത്യയിൽ ആദ്യമായി എസ്.എം.എ. രോഗത്തിനുള്ള സൗജന്യ മരുന്ന് 25 വയസ് വരെയാക്കി

കേരളത്തിന്റെ അപൂർവ രോഗ സംരക്ഷണ പദ്ധതിയായ കെയറിന്റെ ഭാഗമായി വിലകൂടിയ റിസ്ഡിപ്ലാം (ഞശഹേശുഹമാ) മരുന്ന് പിന്തുണ 25 വയസ് വരെയാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 12 വയസ് വരെ നൽകിയിരുന്ന മരുന്നാണ് 25 വയസാക്കിയത്. ജനിതക പരിശോധനയിലൂടെ എസ്.എം.എ. ടൈപ്പ് 2 സ്ഥിരീകരിച്ച രോഗികളെയെല്ലാം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രോഗികളും അവരുടെ കൂട്ടായ്മകളും ദീർഘകാലമായി മുന്നോട്ടുവച്ച ആവശ്യങ്ങൾ പരിഗണിച്ചാണ് ഈ തീരുമാനം. ഇതിനായി കഴിഞ്ഞ ബഡ്ജറ്റിൽ 30 കോടി രൂപ പ്രത്യേകമായി വകയിരുത്തിയിരുന്നു. ഇതോടെ കേരളത്തിൽ എസ്.എം.എ. സ്ഥിരീകരിച്ച രോഗികളിൽ 80 ശതമാനത്തോളം പേർക്ക് സൗജന്യ മരുന്ന് ലഭ്യമാകുമെന്ന് മന്ത്രി വ്യക്തമാക്കി.

അപൂർവ രോഗങ്ങൾക്കുള്ള ചികിത്സകൾ അതീവ ചെലവേറിയതും ദീർഘകാല പിന്തുണ ആവശ്യമുള്ളതുമാണ്. ഇത് പരിഹരിക്കാനായാണ് 2024ൽ അപൂർവ രോഗ ചികിത്സയ്ക്കുള്ള സമഗ്ര പരിചരണ പദ്ധതി കെയർ ആവിഷ്‌കരിച്ചത്. ഈ പദ്ധതിയിലൂടെ നിരവധി കുട്ടികൾക്ക് സൗജന്യ ചികിത്സയും തുടർച്ചയായ പിന്തുണയും നൽകി വരുന്നു. ഇപ്പോഴത്തെ തീരുമാനം വഴി യുവജനങ്ങളെയും ചികിത്സാ പരിധിയിൽ ഉൾപ്പെടുത്തുന്നതോടെ അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും സ്വയംപര്യാപ്തത വർധിപ്പിക്കാനും സാധിക്കും. രോഗികളുടെ ജനിതക പരിശോധനയും വിദഗ്ധ സമിതിയുടെ ശുപാർശയും അടിസ്ഥാനമാക്കിയാകും മരുന്ന് വിതരണം നടത്തുക.നിങ്ങൾ ചിന്തിക്കുന്നതിനുമപ്പുറം (ബീേല ഠവമി ഥീൗ ഇമി കാമഴശില) എന്ന ഈ വർഷത്തെ ലോക അപൂർവരോഗ ദിന സന്ദേശം ഉൾക്കൊള്ളുന്ന തീരുമാനമാണിത്.ജനിച്ച് കുറച്ച് മാസങ്ങൾക്കുള്ളിൽ തന്നെ പേശി ദുർബലതയും ചലനശേഷി നഷ്ടപ്പെടലും സംഭവിച്ച് മരണത്തിലേക്കോ ആയുഷ്കാല കിടപ്പിലേക്കോ നയിക്കപ്പെട്ടേക്കാവുന്ന നൂറിലധികം കുട്ടികളാണ് ഇപ്പോൾ സർക്കാരിന്റെ സമഗ്ര ആരോഗ്യ ഇടപെടലിലൂടെ വളർച്ചയുടെ പടവുകൾ മെല്ലെ കയറുന്നത്. ജീവൻ രക്ഷിക്കുന്ന ചികിത്സ സാമ്പത്തിക ശേഷിയോട് ബന്ധിപ്പിക്കപ്പെടരുതെന്നതാണ് കേരളത്തിന്റെ നിലപാട്. 2022-ലാണ് ഇന്ത്യയിൽ തന്നെ ആദ്യമായി ഒരു സംസ്ഥാനം എസ്എംഎ രോഗികൾക്ക് സൗജന്യ ചികിത്സയും മരുന്ന് വിതരണവും ഉറപ്പാക്കിയത്. അതിന്റെ ഒരു സാക്ഷാത്ക്കാരം കൂടിയാണ് ഈ തീരുമാനം.




കൈറ്റ് ഹരിത വിദ്യാലയം 4.0 വിദ്യാഭ്യാസ റിയാലിറ്റി ഷോയിൽ സെക്കന്ററി വിഭാഗം ഒന്നാം സമ്മാനം നേടിയ ജി എച്ച് എസ് എസ് പൊറ്റശ്ശേരിക്ക് മന്ത്രി വി.ശിവൻകുട്ടി അവാർഡ് സമ്മാനിക്കുന്നു. കൈറ്റ് സിഇഒ കെ. അൻവർ സാദത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടർ

# 'കൈറ്റ് ഹരിതവിദ്യാലയം 4.0' ഗ്രാൻഡ് ഫിനാലെ: ജി.എച്ച്.എസ്.എസ്. പൊറ്റശ്ശേരിയും ജി.യു.പി.എസ്. വിതുരയും ജേതാക്കൾ

പൊതുവിദ്യാലയങ്ങളുടെ മികവുകൾ പങ്കുവെക്കുന്നതിനായി കൈറ്റ് സംഘടിപ്പിച്ച വിദ്യാഭ്യാസ റിയാലിറ്റി ഷോ 'കൈറ്റ് ഹരിതവിദ്യാലയം 4.0' ഗ്രാൻഡ് ഫിനാലെയിൽ സെക്കന്ററി വിഭാഗത്തിൽ പാലക്കാട് ജില്ലയിലെ ജി.എച്ച്.എസ്.എസ്. പൊറ്റശ്ശേരിയും പ്രൈമറി വിഭാഗത്തിൽ തിരുവനന്തപുരം ജില്ലയിലെ ജി.യു.പി.എസ്. വിതുരയും ഒന്നാം സമ്മാനം നേടി. സെക്കന്ററി വിഭാഗത്തിൽ കണ്ണൂർ ജില്ലയിലെ എ.കെ.ജി.എം. ജി.എച്ച്.എസ്.എസ്. പെരളശ്ശേരി രണ്ടും, ആർ.ജി.എം. എച്ച്.എസ്.എസ് മൊകേരി മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. പ്രൈമറി വിഭാഗത്തിൽ കാസറഗോഡ് ജില്ലയിലെ ജി.എൽ.പി.എസ്. നീലേശ്വരം രണ്ടാം സമ്മാനവും മലപ്പുറം ജില്ലയിലെ എ.യു.പി.എസ്. പരിയാപുരം സെൻട്രൽ മൂന്നാം സമ്മാനവും നേടി. സെക്കന്ററി തലത്തിൽ മലപ്പുറം എ.കെ.എം.എച്ച്.എസ്.എസ്. കോട്ടൂരിനും കാസറഗോഡ് ജി.എച്ച്.എസ്.എസ്. ചായ്യോത്തിനുമാണ് പ്രത്യേക ജൂറി അവാർഡ് ലഭിച്ചത്. പ്രൈമറി വിഭാഗത്തിൽ പാലക്കാട് ജി.യു.പി.എസ്. പുതിയങ്കം, എറണാകുളം ജി.എൽ.പി.എസ്. വളയൻചിറങ്ങര എന്നീ സ്കൂളുകൾ പ്രത്യേക ജൂറി പുരസ്കാരത്തിന് അർഹരായി.

ട്രോഫിയും പ്രശംസാപത്രവും കൂടാതെ ആകെ 50 ലക്ഷം രൂപയുടെ ഐ.സി.ടി. ഉപകരണങ്ങളും ക്യാഷ് അവാർഡുകളുമാണ് ഗ്രാൻഡ് ഫിനാലെയിൽ വിതരണം ചെയ്തത്. സെക്കന്ററി തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 8.4 ലക്ഷം, 6.3 ലക്ഷം, 4.2 ലക്ഷം രൂപയുടെ ഐ.സി.ടി. ഉപകരണങ്ങൾ അവാർഡായി ലഭിച്ചു. പ്രൈമറി തലത്തിൽ ഇത് യഥാക്രമം 6.3 ലക്ഷം, 4.2 ലക്ഷം, 2.94 ലക്ഷം രൂപ വീതമാണ്. സ്പെഷ്യൽ ജൂറി പുരസ്കാര തുക സെക്കന്ററി വിഭാഗത്തിൽ 2.1 ലക്ഷം രൂപ വീതവും പ്രൈമറി വിഭാഗത്തിൽ 1.68 ലക്ഷം രൂപ വീതവുമാണ്.

സെക്കന്ററി വിഭാഗത്തിൽ എൽ.എഫ്. ജി.എച്ച്.എസ്. മൂന്നാർ (ഇടുക്കി), ജി.എച്ച്.എസ് കുറുമ്പാല (വയനാട്) , എസ്.എച്ച്.ഡി.ജി.എച്ച്.എസ്.എസ്. തൃശൂർ (തൃശൂർ), ജി.ജി.എച്ച്.എസ്.എസ്. ചേർത്തല (ആലപ്പുഴ), ബഡ്സ് സ്കൂൾ ഫോർ എച്ച്.ഐ. വല്ലപ്പുഴ (മലപ്പുറം) എന്നിവരും പ്രൈമറി വിഭാഗത്തിൽ ജി.യു.പി.എസ്. അക്കരപ്പാടം, കോട്ടയം),ജി.എൽ.പി.എസ്. കരുവാരക്കുണ്ട് (മലപ്പുറം), ജി.എൽ.പി.എസ്. ഇരവിപുരം (ഇടുക്കി), ജി.യു.പി.എസ്. മൂർക്കനാട് (മലപ്പുറം) എന്നീ സ്കൂളുകളും ഫൈനലിസ്റ്റുകളായി. ഇവർക്ക് 50,000 രൂപ വീതം ക്യാഷ് അവാർഡ് നൽകി. കൂടാതെ ഷോയുടെ ആദ്യഘട്ട ഫ്ലോർ ഷൂട്ടിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച 16 സ്കൂളുകളിലെ കുട്ടികളെയും ഗ്രാൻഡ് ഫിനാലെയിൽ പ്രത്യേകം ആദരിച്ചു.

ഇന്ത്യയിൽത്തന്നെ ആദ്യമായി മുഴുവൻ കുട്ടികൾക്കും എ.ഐ. പഠിക്കാൻ അവസരം നൽകുന്നത് കേരളത്തിലാണെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. അൽഗൊരിതം പക്ഷപാതിത്വമില്ലാത്ത എ.ഐ. എൻജിൻ കൈറ്റ് വികസിപ്പിച്ചെടുത്തതും ആറുലക്ഷം രക്ഷിതാക്കളെ 'സർവം എ.ഐ. മയം' പരിപാടിയിലൂടെ കുട്ടികൾ എ.ഐ. പഠിപ്പിക്കുന്നതും ലോകോത്തര മാതൃകയാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. കെ. വാസുകി, പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻ.എസ്.കെ. ഉമേഷ്, കൈറ്റ് സി.ഇ.ഒ. കെ. അൻവർ സാദത്ത്, എസ്.എസ്.കെ. ഡയറക്ടർ ഡോ. സുപ്രിയ എ.ആർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. ആർ.കെ. ജയപ്രകാശ്, കൈറ്റ് സീനിയർ ക്രിയേറ്റീവ് എഡിറ്റർ കെ. മനോജ് കുമാർ തുടങ്ങിയവർ സംസാരിച്ചു.സംസ്ഥാനത്തെ 825 സ്കൂളുകളിൽ നിന്നും തിരഞ്ഞെടുത്ത 86 സ്കൂളുകളാണ് 'കൈറ്റ് ഹരിതവിദ്യാലയം 4.0'യുടെ ആദ്യ റൗണ്ടിൽ മത്സരിച്ചത്. അതിൽ നിന്നും തിരഞ്ഞെടുത്ത 26 സ്കൂളുകളാണ് രണ്ടാം റൗണ്ടിൽ എത്തിയത്. രണ്ട് ലക്ഷത്തോളം കുട്ടികളാണ് വിവിധ ഘട്ടങ്ങളിലായി ഷോയുടെ ഭാഗമായത്.

## വീട്ടിനുള്ളിൽ കയറിയ മുള്ളൻപന്നിയെ അടിച്ചുകൊന്നു; പഞ്ചായത്ത് പ്രസിഡൻറിനെതിരെ കേസ്

തിരുവനന്തപുരം: വീട്ടിനുള്ളിൽ കയറിയ മുള്ളൻപന്നിയെ അടിച്ചുകൊന്ന സംഭവത്തിൽ വെള്ളനാട് പഞ്ചായത്ത് പ്രസിഡൻറും സിപിഎം നേതാവുമായ വെള്ളനാട് ശശിക്കെതിരെ കേസെടുത്തു. അറസ്റ്റ് ചെയ്യാനായി വനം വകുപ്പ് ഉദ്യോഗസ്ഥർ പഞ്ചായത്ത് ഓഫീസിൽ എത്തിയപ്പോൾ ശശി സ്ഥലത്തില്ലായിരുന്നു.

വെള്ളനാട് സ്കൂളിൽ ശശിയുണ്ടെന്ന് അറിഞ്ഞ് ഉദ്യോഗസ്ഥർ അവിടെയെത്തിയെങ്കിലും അദ്ദേഹത്തെ കണ്ടെത്താനായില്ല. നിരന്തരം വിവാദത്തിൽപ്പെടുന്നയാളാണ് വെള്ളനാട് ശശി. കടയിൽ അതിക്രമിച്ചു കയറി സ്ത്രീകളെയും കുട്ടികളെയും മർദിച്ച സംഭവത്തിൽ ഇയാൾ അറസ്റ്റിലായിരുന്നു.

ഉദ്ഘാടനത്തിന് ക്ഷണിക്കാത്തതിൽ പ്രതിഷേധിച്ച് ആരോഗ്യ സബ് സെൻററിൻറെ ശിലാഫലകം അടിച്ചു തകർത്ത കേസിൽ വെള്ളനാട് ശശി അറസ്റ്റിലായിരുന്നു. ഔദ്യോഗിക വാഹനം വിട്ടു നൽകാത്തതിന് പഞ്ചായത്ത് സെക്രട്ടറിയെ വഴിയിൽ തടഞ്ഞത് വിവാദമായിരുന്നു.

## നവീൻ ബാബുവിൻറെ മരണം: തുടരന്വേഷണം വേണമെന്ന ഹർജിയിൽ കോടതി വിധി ഇന്ന്

കണ്ണൂർ: എഡിഎം നവീൻ ബാബുവിൻറെ മരണത്തിൽ പ്രത്യേക സംഘത്തിൻറെ അന്വേഷണം തൃപ്തികരമല്ലെന്നും ഉന്നത ഉദ്യോഗസ്ഥരുടെ പങ്കിനെക്കുറിച്ച് തുടരന്വേഷണം വേണമെന്നും ആവശ്യപ്പെട്ട് കുടുംബം നൽകിയ ഹർജിയിൽ കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഇന്ന് വിധി പറയും.നിലവിലെ പോലീസ് അന്വേഷണം മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.പി. ദിവ്യയിലേക്ക് മാത്രം ഒതുങ്ങിയെന്നും, ഇതിന് പിന്നിലെ ഗൂഢാലോചന പുറത്തുകൊണ്ടുവരാൻ സിബിഐ അന്വേഷണമോ അല്ലെങ്കിൽ കോടതിയുടെ മേൽനോട്ടത്തിലുള്ള പ്രത്യേക സംഘത്തിൻറെ അന്വേഷണമോ വേണമെന്നാണ് നവീൻ ബാബുവിൻറെ ഭാര്യ മഞ്ജുഷ ആവശ്യപ്പെട്ടിരിക്കുന്നത്.പെട്രോൾ പമ്പിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ഉയർന്ന അഴിമതി ആരോപണങ്ങളും അതിന് പിന്നിലെ ബെനാമി ഇടപാടുകളും ശരിയായ രീതിയിൽ അന്വേഷിച്ചിട്ടില്ലെന്ന് കുടുംബം കോടതിയിൽ വാദിച്ചു. എന്നാൽ നിലവിലെ അന്വേഷണം കൃത്യമായ ദിശയിലാണെന്നും എല്ലാ വശങ്ങളും പരിശോധിച്ചിട്ടുണ്ടെന്നുമാണ് പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചത്.കോടതി തുടരന്വേഷണത്തിന് ഉത്തരവിട്ടാൽ അത് കേസിൽ വലിയ വഴിത്തിരിവാകും. പോലീസ് സമർപ്പിച്ച കുറ്റപത്രം കോടതി സ്വീകരിക്കുമോ അതോ കൂടുതൽ അന്വേഷണത്തിന് നിർദ്ദേശിക്കുമോ എന്നതാണ് ഇന്ന് അറിയേണ്ടത്.

## സ്വർണവില ഈ മാസത്തെ ഏറ്റവും ഉയർന്ന നിരക്കിൽ

കൊച്ചി: സംസ്ഥാനത്ത് സ്വർണവിലയിൽ വൻ വർധന. പവന് 2,320 രൂപയും ഗ്രാമിന് 290 രൂപയുമാണ് കൂടിയത്. ഇതോടെ ഗ്രാമിന് 15,100 രൂപയും പവന് 1,20,800 രൂപയുമായി. ഈ മാസത്തെ ഏറ്റവും ഉയർന്ന നിരക്കാണ് ഇന്ന് രേഖപ്പെടുത്തിയത്.

ഇന്നലെ പവന് 400 രൂപയും ഗ്രാമിന് 50 രൂപയും കൂടിയിരുന്നു. ഗ്രാമിന് 14,810 രൂപയും പവന് 1,18,480 രൂപയുമായിരുന്നു വില.ആഗോള വിപണിയിലും വൻ കുതിപ്പാണ് രേഖപ്പെടുത്തിയത്. സ്പോട്ട് ഗോൾഡ് വില 1.94 ശതമാനം കൂടി ഔൺസിന് 5,278.1 ഡോളറായി. 100.58 ഡോളറാണ് വർധിച്ചത്. യു.എസ് ഗോൾഡ് ഫ്യൂച്ചർ നിരക്ക് 1.41 ശതമാനം ഉയർന്ന് 5,267.20 ഡോളറിലേക്ക് എത്തി. 73 ഡോളറാണ് വർധന.വ്യാഴാഴ്ച രാവിലെയും ഉച്ചക്കുമായി പവന് 640 രൂപ കുറഞ്ഞിരുന്നു. രാവിലെ 160 രൂപയും ഉച്ചക്ക് 480 രൂപയുമാണ് കുറഞ്ഞത്. പവന് 1,18,080 രൂപയും ഗ്രാമിന് 14760 രൂപയുമായിരുന്നു വില.

## നിയമനം

ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (ADAK)ന്റെ കീഴിൽ ഒഴിവുള്ള ഫാം ടെക്നീഷ്യൻ/പ്രോജക്ട് കോ-ഓർഡിനേറ്റർ/സബ് ഇൻസ്പെക്ടർ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലിചെയ്യാൻ താൽപര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. 1270 രൂപ ദിവസവേതനമായി നൽകും. ബി.എഫ്.എസ്.സി / അക്വാകൾച്ചർ വിഷയത്തിൽ ബിരുദാനന്തരബിരുദം ഉള്ളവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (അഡാക്), ടി.സി 29/3126, റീജ, മിൻചിൻ റോഡ്, തൈക്കാട് പി.ഒ., തിരുവനന്തപുരം-14 വിലാസത്തിൽ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഉൾപ്പെടെ മാർച്ച് രണ്ടിനകം തപാൽ മുഖേന അപേക്ഷ സമർപ്പിക്കണം.

## എൻ.റ്റി.സി വിജ്ഞാപനം പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ 2025-26 അധ്യയന വർഷത്തെ ഒഴിവുള്ള സീറ്റുകളിൽ പ്രൈവറ്റ് ട്രെയിനിയായി പ്രവേശനം നേടി ഓൾ ഇന്ത്യാ ട്രേഡ് ടെസ്റ്റ് എഴുതി എൻ.റ്റി.സി കരസ്ഥമാക്കുന്നതിനുള്ള അപേക്ഷ സമർപ്പണത്തിന്റെ വിജ്ഞാപനം വ്യാവസായിക പരിശീലന വകുപ്പ് വെബ്സൈറ്റായ https:det.kerala.gov.in/ ൽ പ്രസിദ്ധീകരിച്ചു. മാർച്ച് 10 നകം അപേക്ഷ സമർപ്പിക്കണം.

## ഗസ്റ്റ് ഫാക്കൽറ്റീസ് പാനലിലേക്ക് അപേക്ഷിക്കാം

ആലുവ സബ് ജയിൽ റോഡിൽ സ്ഥിതി ചെയ്യുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ 2026-ലെ മെഡിക്കൽ/ എൻജിനിയറിങ് എൻട്രൻസ് - ക്രാഷ് കോഴ്സ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് യോഗ്യതയുള്ള അധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. മാത്സ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. SET/ NET അഭികാമ്യം. ഒരു വർഷത്തെ പ്രവൃത്തി പരിചയം ഉള്ളവരായിരിക്കണം. ഓരോ മണിക്കൂറിനും 500 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 15,000 രൂപയാണ് ഹോണറേറിയം. അപേക്ഷകർ ബയോഡേറ്റ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം മാർച്ച് 7 വൈകിട്ട് 5ന് മുമ്പ് ആലുവ ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: 0484 2623304, 9188581148, 8921708401.

## വിവരാവകാശ നിയമം: ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) നടത്തുന്ന വിവരാവകാശ നിയമം 2005 സൗജന്യ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമായ കോഴ്സിൽ 16 വയസ് കഴിഞ്ഞവർക്ക് rti.img.kerala.gov.in ലൂടെ മാർച്ച് 1 മുതൽ 16 വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. കോഴ്സ് മാർച്ച് 18 ന് ആരംഭിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## കുടുംബശ്രീ സി.ഡി.എസുകൾക്ക് വായ്പ

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ സി.ഡി.എസുകളിൽ നിന്നും മൈക്രോ ക്രെഡിറ്റ് വായ്പയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഒരു കുടുംബശ്രീ സി.ഡി.എസ്സിന് പരമാവധി 3 കോടി രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി വായ്പ അനുവദിക്കും. സി.ഡി.എസ്സുകൾ അവയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ, ജെ.എൽ.ജി കൾ എന്നിവ മുഖേന വ്യക്തിഗത ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യേണ്ടതാണ്. 60 ശതമാനമെങ്കിലും ഒ.ബി.സി അല്ലെങ്കിൽ മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അംഗങ്ങളുള്ള അയൽക്കൂട്ടങ്ങൾ/ ജെ.എൽ.ജി കൾ എന്നിവയ്ക്കാണ് വായ്പ വിതരണം ചെയ്യേണ്ടത്. വരുമാനദായകമായ ഏതെങ്കിലും നിയമാനുസൃത വ്യക്തിഗത/ ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ വിനിയോഗിക്കണം. പ്രാഥമിക അപേക്ഷയും പദ്ധതിയുടെ വിശദാംശങ്ങളും ０００.സയെരററ.രീ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്രാഥമിക അപേക്ഷ മാർച്ച് അഞ്ചാം തീയതിക്കകം കോർപ്പറേഷന്റെ ജില്ലാ/ ഉപജില്ലാ ഓഫീസുകളിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് കോർപ്പറേഷന്റെ ജില്ലാ/ ഉപജില്ലാ മാനേജർമാരെ ബന്ധപ്പെടണം.

## അടൂരിൽ പാലക്കാട് എംപിയും എംഎൽഎയും തമ്മിൽ കൂടിക്കാഴ്ച

പത്തനംതിട്ട: അടൂരിലെ സ്വകാര്യ ഹോട്ടലിൽ പാലക്കാട് എംഎൽഎ രാഹുൽ മാങ്കൂട്ടവും പാലക്കാട് എംപി വി.കെ. ശ്രീകണ്ഠനുമായി കൂടിക്കാഴ്ച. എന്നാൽ കൂടിക്കാഴ്ച തികച്ചും അവിചാരിതമായിരുന്നുവെന്നും മുൻകൂട്ടി തീരുമാനിച്ചതോ രാഷ്ട്രീയമായ വിഷയങ്ങളോ ചർച്ചയ്ക്ക് പിന്നിൽ ഉണ്ടായിട്ടില്ലെന്ന് എംപി വി.കെ. ശ്രീകണ്ഠൻ പറഞ്ഞു.

സ്വകാര്യ ഹോട്ടലിൽ പ്രഭാത ഭക്ഷണം കഴിച്ച് കൊണ്ടിരുന്നപ്പോഴാണ് രാഹുൽ മാങ്കൂട്ടം അങ്ങോട്ടേയ്ക്ക് എത്തിയത്. റെസ്റ്റോറൻറിൽ തൻറെ ഒരു സുഹൃത്തിനെ കാണാൻ വേണ്ടിയാണ് രാഹുൽ എത്തിയതെന്നും ശ്രീകണ്ഠൻ വ്യക്തമാക്കി.പാലക്കാട് സീറ്റിലെ സ്ഥാനാർഥിത്വം സംബന്ധിച്ച യാതൊരുവിധ ചർച്ചകളും നടന്നിട്ടില്ല.

പാലക്കാട് എംപിയെന്ന നിലയിൽ പാലക്കാട് എംഎൽഎയുമായി സംസാരിക്കിതിരിക്കാൻ കഴിയില്ല. സ്ഥാനാർഥികളെ തീരുമാനിക്കുന്നത് പാർട്ടി ഹൈക്കമാൻഡ് ആണെന്നും സ്ക്രീനിംഗ് കമ്മിറ്റി ചെയർമാൻ മധുസൂദനൻ മിസ്ട്രിയുടെ നേതൃത്വത്തിൽ സ്ഥാനാർഥി നിർണയ ചർച്ചകൾ പുരോഗമിക്കുന്നുണ്ട്. ഇതിൽ തനിക്ക് ഇടപെടേണ്ടതായ യാതൊരു സാഹര്യവുമില്ലെന്നും വി.കെ. ശ്രീകണ്ഠൻ വ്യക്തമാക്കി.

## ഭവന നിർമാണ ബോർഡിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ ഭവന നിർമാണ ബോർഡിൽ (KSHB) കരാർ അടിസ്ഥാനത്തിൽ എക്സിക്യൂട്ടിവ് എൻജിനീയർ, സീനിയർ കൺസൽട്ടന്റ് എൻജിനീയർ (എം ഇ പി), എക്സിക്യുട്ടിവ് എൻജിനീയർ (ഡിസൈൻ), അസിസ്റ്റന്റ് എഞ്ചിനീയർ (ഡിസൈൻ), അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികകളിലേക്ക് നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. നിർദ്ദിഷ്ട യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. വിശദ വിവരങ്ങളും അപേക്ഷ സമർപ്പണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kshb.kerala.gov.in ൽ ലഭ്യമാണ്.

## ജീർണ്ണോദ്ധാരണ ധനസഹായ വിതരണോദ്ഘാടനം

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്നതും അല്ലാത്തതുമായ 663 ക്ഷേത്രങ്ങൾക്കുള്ള 2024-25 വർഷത്തിലേക്ക് സർക്കാർ അനുവദിച്ച 10.80 കോടി രൂപയുടെ ജീർണ്ണോദ്ധാരണ ധനസഹായ വിതരണോദ്ഘാടനം മാർച്ച് 5ന് രാവിലെ 11 മണിക്ക് ശ്രീ അഴകോടി ദേവിക്ഷേത്രം ആഡിറ്റോറിയത്തിൽ ദേവസ്വം, തുറമുഖം, സഹകരണ വകുപ്പ് മന്ത്രി വി.എൻ.വാസവൻ നിർവഹിക്കും. അറിയിപ്പ് ലഭിച്ച ക്ഷേത്ര ഭരണാധികാരികൾക്ക് ചടങ്ങിൽ ചെക്ക് കൈപ്പറ്റാവുന്നതാണ്.

## ടെക്നോപാർക്കിലെ വനിതാദിനാഘോഷം മാർച്ച് അഞ്ചിന് വനിതാ ടെക്കികൾക്കായി രാത്രി നടത്തം

തിരുവനന്തപുരം: ടെക്നോപാർക്ക് ഐടി ജീവനക്കാരുടെ ക്ഷേമ-വിനോദ സംഘടനയായ പ്രതിധ്വനിയുടെ വനിതാ ഫോറത്തിൻറെ ആഭിമുഖ്യത്തിൽ വനിതാ ടെക്കികൾക്കും കുടുംബാംഗങ്ങൾക്കുമായി മാർച്ച് അഞ്ചിന് 'രാത്രി നടത്തം' സംഘടിപ്പിക്കുന്നു.

അന്താരാഷ്ട്ര വനിതാ ദിനാഘോഷത്തോടനുബന്ധിച്ച് 'ഷി ഓൺസ് ദി നൈറ്റ്' എന്ന പേരിലാണ് പരിപാടി. സംസ്ഥാന വനിതാ ശിശു വികസന വകുപ്പുമായി സഹകരിച്ചാണ് പ്രതിധ്വനി പരിപാടി സംഘടിപ്പിക്കുന്നത്.

വൈകുന്നേരം 6:30 ന് കഴക്കൂട്ടത്ത് നിന്ന് ആരംഭിക്കുന്ന നടത്തം ടെക്നോപാർക്ക് ഫേസ് വണ്ണിലെ ആംഫിതിയേറ്ററിൽ അവസാനിക്കും. തുടർന്ന് വിവിധ വിനോദ-സംഗീത പരിപാടികൾക്ക് ആംഫിതിയേറ്റർ വേദിയാകും.

മാർച്ച് 8 നാണ് അന്താരാഷ്ട്ര വനിതാ ദിനം. 2026 ലെ അന്താരാഷ്ട്ര വനിതാ ദിനത്തിൻറെ പ്രമേയം 'നേട്ടത്തിനായി നൽകുക' എന്നതാണ്.

രജിസ്ട്രേഷന്: https://forms.gle/xvNaakCnQFUNXS537

കൂടുതൽ വിവരങ്ങൾക്ക്, ബന്ധപ്പെടുക: ജിഷ (6238735626), സെൽമ (7012581385).

## യുജിസി നെറ്റ് പരിശീലനം

ഐ.എച്ച്.ആർ.ഡി. യുടെ മുട്ടട 'റീജിയണൽ സെന്ററിൽ മാർച്ചിൽ ആരംഭിക്കുന്ന UGC-NET Paper I ന്റെ പരിശീലനത്തിനായി അർഹരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ രജിസ്റ്റർ ചെയ്യാനായി 8136882389, 9495069307, 0471-2660512(O)നമ്പറുകളിൽ ബന്ധപ്പെടുക.

01
2026
മാർച്ച്
ഞായർ
കുംഭം 17

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 47 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-47 പേജ് 4. വില 2.00 രൂപ




02 അപൂർവരോഗ ദിനത്തിൽ നിർണായക തീരുമാനമായി ആരോഗ്യ വകുപ്പ്
03 മുനമ്പം ഭൂമി തർക്കം: വഖഫ് ബോർഡ് സുപ്രീംകോടതിയിലേക്ക്
04 കുഫോസിൽ ആഗോള കടൽപായൽ ഉച്ചകോടി മാർച്ച് 5 മുതൽ

# യുദ്ധഭീതിയിൽ ലോകം

## ■ ഇറാനിൽ ഇസ്രായേൽ–അമേരിക്കൻ സംയുക്ത ആക്രമണം
## ■ ഖമനയ് സുരക്ഷിത കേന്ദ്രത്തിൽ, ഇറാൻ വ്യോമപാത അടച്ചു

ടെഹ്റാൻ: ഇറാനിയൻ തലസ്ഥാനമായ ടെഹ്റാനിൽ ഇസ്രയേൽ നടത്തിയ മിന്നലാക്രമണത്തിൽ അമേരിക്കയും പങ്കുചേർന്നതായി റിപ്പോർട്ട്. ആക്രമണത്തിനു പിന്നാലെ ഇറാൻ തങ്ങളുടെ വ്യോമപാത അടച്ചു. ഇസ്രായേൽ നടത്തുന്ന ഈ 'പ്രതിരോധ ആക്രമണത്തിൽ' അമേരിക്കയും പങ്കാളികണാണെന്നാണ് റിപ്പോർട്ടുകൾ. ഇറാൻ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമനിയെ ടെഹ്റാനിൽനിന്ന് അതീവ സുരക്ഷിതമായ രഹസ്യ കേന്ദ്രത്തിലേക്കു മാറ്റി. സുരക്ഷാ കാരണങ്ങളാൽ ഇറാൻ സിവിൽ ഏവിയേഷൻ അഥോറിറ്റി തങ്ങളുടെ വ്യോമപാതകൾ അനിശ്ചിതകാലത്തേക്ക് അടച്ചു. നേരത്തെ ഇസ്രയേലും സിവിലിയൻ വിമാനങ്ങൾക്കായി വ്യോമപാത അടച്ചിരുന്നു.

ആക്രമണത്തിനു പിന്നാലെ ഇസ്രായേലിലെ നഗരങ്ങളിൽ അപായ സൈറണുകൾ മുഴങ്ങി. ജനങ്ങൾ ജാഗ്രത പാലിക്കണമെന്നു സർക്കാർ നിർദേശിച്ചു.



## ഗൾഫ് മേഖലയിലെ നാല് യുഎസ് താവളങ്ങളിൽ ഇറാൻെറ മിസൈൽ വർഷം

ടെഹ്റാൻ: ഇസ്രായേലും അമേരിക്കയും ചേർന്ന് ഇറാനിയൻ നഗരങ്ങളിൽ നടത്തിയ ആക്രമണത്തിന് മറുപടിയായി പശ്ചിമേഷ്യയിലെ നാല് പ്രധാന അമേരിക്കൻ സൈനിക താവളങ്ങളെ ലക്ഷ്യമിട്ട് ഇറാൻ മിസൈൽ ആക്രമണം നടത്തിയതായി റിപ്പോർട്ട്. ഇറാൻറെ സൈനിക വിഭാഗമായ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സിനെ ഉദ്ധരിച്ച് ഇറാനിയൻ വാർത്താ ഏജൻസിയായ ഫാർസ് ആണ് ഈ വിവരം പുറത്തുവിട്ടത്.

ഖത്തറിലെ അൽ ഉദൈദ് എയർ ബേസ്, കുവൈറ്റിലെ അൽ സേലം എയർ ബേസ്, യുഎഇയിലെ അൽ ദാഫ്ര എയർ ബേസ്, ബഹ്റൈനിലെ യുഎസ് ഫിഫ്ത്ത് ഫ്ലീറ്റ് ആസ്ഥാനം എന്നിങ്ങളിലാണ് ഇറാൻ മിസൈൽ ആക്രമണം നടത്തിയത്. 'ഓപ്പറേഷൻ ഖതം അൽ തൂഫാൻ' എന്ന സൈനിക നീക്കത്തിൻറെ ഭാഗമായാണ് ഒരേസമയം നാല് രാജ്യങ്ങളിലെ യുഎസ് താവളങ്ങൾക്ക് നേരെ ഇറാൻ മിസൈലുകൾ വിക്ഷേപിച്ചത്.

അബുദാബി, മനാമ, ദോഹ എന്നിവിടങ്ങളിൽ മിസൈൽ പതനത്തെത്തുടർന്ന് ശക്തമായ സ്ഫോടനങ്ങൾ ഉണ്ടായതായി പ്രാദേശിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. തങ്ങളുടെ നഗരങ്ങളെ ആക്രമിച്ചാൽ മേഖലയിലെ ഒരു അമേരിക്കൻ താവളവും സുരക്ഷിതമായിരിക്കില്ലെന്ന് ഐആർജിസി മുന്നറിയിപ്പ് നൽകി.

## അമേരിക്കയെ ഞെട്ടിച്ച് ഇറാൻ; അഞ്ചാം കപ്പൽപടയ്ക്ക് നേരെ മിസൈൽ ആക്രമണം

മനാമ: അമേരിക്കയുടെയും ഇസ്രയേലിൻറെ സംയുക്ത ആക്രമണത്തിന് മറുപടിയുമായി ഇറാൻ. വരും മണിക്കൂറുകളിൽ ശക്തമായ ആക്രമണം ഉണ്ടാകുമെന്ന് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് മുന്നറിയിപ്പ് നൽകിയിരുന്നു. ഇതിനു പിന്നാലെ അമേരിക്കയുടെ അഞ്ചാം കപ്പൽ പടയ്ക്ക് നേരെ ഇറാൻ മിസൈലാക്രമണം നടത്തി.

ബഹ്റൈനിലെ യുഎസ് അഞ്ചാം കപ്പൽ പടയുടെ ആസ്ഥാനത്തിന് നേരെയാണ് ഇറാൻ മിസൈൽ ആക്രമണം നടത്തിയത്. ബഹ്റൈനിൽ ശക്തമായ സ്ഫോടനങ്ങൾ ഉണ്ടായതായും അപായ സൈറണുകൾ മുഴങ്ങിയതായും റിപ്പോർട്ടുകളുണ്ട്. മേഖലയിലെ എല്ലാ യുഎസ്, ഇസ്രായേൽ സൈനിക താവളങ്ങൾ ആക്രമിക്കുമെന്ന് ഇറാൻ വ്യക്തമാക്കി. ഭീഷണിയുടെ പശ്ചാത്തലത്തിൽ അമേരിക്കയും ഇസ്രായേലും കപ്പലുകൾ സുരക്ഷിത താവളത്തിലേക്ക് മാറ്റി. മുൻകാലങ്ങളിലെ പോലെ കൂട്ടത്തോടെയുള്ള മിസൈൻ ആക്രമണമാണ് ഇറാൻ നടത്തിയതെന്നാണ് റിപ്പോർട്ടുകൾ.

## മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് നമ്പർ: സർക്കാർ ഉന്നതതല സമിതിയെ നിയോഗിച്ചു

തീരദേശവാസികൾക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും വീട്ടുനമ്പർ അനുവദിക്കുന്നത് സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സർക്കാർ പ്രത്യേക സമിതിയെ നിയോഗിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എന്നിവരടങ്ങുന്നതാണ് സമിതി. ഫെബ്രുവരി 24ലെ മന്ത്രിസഭായോഗത്തിന്റെ തീരുമാനപ്രകാരമാണ് ഇതുസംബന്ധിച്ച ഉത്തരവിറക്കിയത്.

2019 ലെ കോസ്റ്റൽ റെഗുലേഷൻ സോൺ (ഇഞദ) വിജ്ഞാപനപ്രകാരം തീരദേശത്ത് വീട് നിർമ്മിക്കാനും പുനർനിർമ്മിക്കാനും അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ ഈ വീടുകൾക്ക് മൂന്നിരട്ടി നികുതി അടയ്ക്കേണ്ടി വരുന്ന ഡ/അ നമ്പർ മാത്രമാണ് ലഭിക്കുന്നത്. തീരവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും അർഹമായ രീതിയിൽ ഈ വീടുകളെ ക്രമീകരിച്ച് ഡ/അ നമ്പരിൽ നിന്ന് ഒഴിവാക്കണമെന്ന റിട്ട. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന്റെ ശിപാർശ പരിഗണിച്ചാണ് സർക്കാർ നടപടി. വീട്ടുനമ്പർ അനുവദിക്കുന്ന കാര്യത്തിൽ അടിയന്തരമായി നിർദ്ദേശങ്ങൾ സമർപ്പിക്കാനാണ് സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്നത്.

## മുനമ്പം ഭൂമി തർക്കം: വഖഫ് ബോർഡ് സുപ്രീംകോടതിയിലേക്ക്; ഹൈക്കോടതി വിധി ചോദ്യം ചെയ്യും

ന്യൂഡൽഹി: മുനമ്പം ഭൂമി തർക്കവുമായി ബന്ധപ്പെട്ട കേസിൽ കേരള വഖഫ് ബോർഡ് സുപ്രീം കോടതിയെ സമീപിക്കുന്നു. മുനമ്പത്തെ ഭൂമി വഖഫ് സ്വത്തല്ലെന്ന ഹൈക്കോടതി നിരീക്ഷണത്തിനെതിരെയാണ് ബോർഡ് അപ്പീൽ നൽകുന്നത്.മുനമ്പത്തെ 404 ഏക്കർ ഭൂമി വഖഫ് ബോർഡിൻറേതാണെന്ന തങ്ങളുടെ വാദം ശരിവെക്കണമെന്ന് ആവശ്യപ്പെട്ടാണ് വഖഫ് ബോർഡ് സുപ്രീംകോടതിയിൽ ഹർജി നൽകുന്നത്. മുനമ്പത്തെ താമസക്കാർക്ക് അനുകൂലമായ നിലപാടാണ് നേരത്തെ ഹൈക്കോടതിയുടെ ഭാഗത്തുനിന്നുണ്ടായത്. എന്നാൽ ഇത് നിയമപരമായി നിലനിൽക്കില്ലെന്നാണ് വഖഫ് ബോർഡിൻറെ വാദം.

മുനമ്പത്തെ കുടുംബങ്ങളെ കുടിയിറക്കില്ലെന്നും പ്രശ്നം ചർച്ചയിലൂടെ പരിഹരിക്കുമെന്നും സംസ്ഥാന സർക്കാർ നേരത്തെ വ്യക്തമാക്കിയിരുന്നു. ഇതിനിടയിലാണ് വഖഫ് ബോർഡ് സ്വതന്ത്രമായ നിയമനടപടികളുമായി മുന്നോട്ട് പോകുന്നത്.പതിറ്റാണ്ടുകളായി മുനമ്പത്ത് താമസിക്കുന്ന കുടുംബങ്ങളുടെ ഭൂമിക്ക് മേൽ വഖഫ് ബോർഡ് അവകാശവാദം ഉന്നയിച്ചതോടെയാണ് വിവാദം ആരംഭിച്ചത്. ഇത് വലിയ രാഷ്ട്രീയ-സാമൂഹിക പ്രതിഷേധങ്ങൾക്ക് വഴിതെളിച്ചിരുന്നു.

## ഇറാൻെറ പ്രത്യാക്രമണം 'ഓപ്പറേഷൻ ഖതം അൽ തൂഫാൻ' ആരംഭിച്ചു

ടെഹ്റാൻ: ഇസ്രായേലും അമേരിക്കയും ചേർന്ന് ടെഹ്റാനിൽ നടത്തിയ മിന്നലാക്രമണത്തിന് പിന്നാലെ പശ്ചിമേഷ്യയിൽ യുദ്ധം രൂക്ഷമാകുന്നു. ഇസ്രായേലിനും മേഖലയിലെ അമേരിക്കൻ സൈനിക താവളങ്ങൾക്കും നേരെ ഇറാൻ ശക്തമായ പ്രത്യാക്രമണം ആരംഭിച്ചു. 'ഓപ്പറേഷൻ ഖതം അൽ തൂഫാൻ' (കൊടുങ്കാറ്റിനെ അവസാനിപ്പിക്കുക) എന്ന് പേരിട്ടിരിക്കുന്ന സൈനിക നീക്കത്തിലൂടെ നൂറുകണക്കിന് മിസൈലുകളാണ് ഇറാൻ വിക്ഷേപിച്ചിരിക്കുന്നത്.

ശനിയാഴ്ച പുലർച്ചെ ടെഹ്റാനിലെ തന്ത്രപ്രധാന കേന്ദ്രങ്ങളിൽ ഇസ്രായേൽ മിസൈൽ ആക്രമണം നടത്തി. അമേരിക്കൻ സൈന്യത്തിൻറെ സഹായത്തോടെയായിരുന്നു ഈ നീക്കം. സുരക്ഷാ മുൻകരുതലിൻറെ ഭാഗമായി ഇറാൻ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമേനിയെ രഹസ്യ കേന്ദ്രത്തിലേക്ക് മാറ്റി.ആക്രമണത്തിന് തൊട്ടു പിന്നാലെ ഇറാൻ പ്രത്യാക്രമണം പ്രഖ്യാപിച്ചു. ഇസ്രായേലിലെ ടെൽ അവീവ്, ജെറുസലേം നഗരങ്ങളിലും അബുദാബി, ബഹ്റൈൻ എന്നിവിടങ്ങളിലെ യുഎസ് സൈനിക താവളങ്ങൾക്ക് നേരെയും മിസൈൽ വർഷമുണ്ടായി.

യുഎഇ, ബഹ്റൈൻ, ഖത്തർ എന്നീ രാജ്യങ്ങളിൽ ശക്തമായ സ്ഫോടന ശബ്ദങ്ങൾ കേട്ടു. ബഹ്റൈനിലെ അമേരിക്കൻ നാവിക ആസ്ഥാനമായ ഫിഫ്ത്ത് ഫ്ലീറ്റിന് നേരെ ആക്രമണം നടന്നതായാണ് സൂചന. ഖത്തർ തങ്ങളുടെ വ്യോമാതിർത്തിയിൽ രണ്ട് മിസൈലുകൾ വെടിവെച്ചിട്ടു.

സുരക്ഷാ ഭീഷണി കണക്കിലെടുത്ത് ഇറാൻ, ഇസ്രായേൽ, യുഎഇ തുടങ്ങിയ രാജ്യങ്ങൾ വ്യോമപാതകൾ പൂർണ്ണമായും അടച്ചു. കേരളത്തിലേക്കുള്ളതടക്കം നൂറുകണക്കിന് വിമാന സർവീസുകൾ റദ്ദാക്കി.

രാജ്യം യുദ്ധത്തിലേക്ക് നീങ്ങുകയാണെന്ന് പ്രഖ്യാപിച്ച ഇസ്രായേൽ പ്രതിരോധ മന്ത്രി രാജ്യവ്യാപകമായി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ജനങ്ങളോട് ബങ്കറുകളിലേക്ക് മാറാൻ നിർദ്ദേശം നൽകി. ഗൾഫ് രാജ്യങ്ങളിലുള്ള മലയാളികൾ അതീവ ജാഗ്രത പാലിക്കണമെന്ന് ഇന്ത്യൻ എംബസികൾ നിർദ്ദേശിച്ചു. പ്രാദേശിക ഭരണകൂടം നൽകുന്ന സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാനാണ് നിർദേശം.

## ഇറാനിലെ ഭീകര ഭരണകൂടം ലോകത്തിന് ഭീഷണി: നെതന്യാഹു

ടെൽ അവീവ്: യുഎസുമായി ചേർന്ന് ഇറാനിൽ ആക്രമണം നടത്തിയതിന് പിന്നാലെ പ്രതികരണവുമായി ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. ഇറാനിലെ ഭീകര ഭരണകൂടം ലോകത്തിന് ഭീഷണിയാണ്.

ഇറാനിലെ ആയത്തുള്ള ഖമേനി ഭരണകൂടത്തിന് അന്ത്യം കുറിക്കാനുള്ള നീക്കമാണിതെന്നും അദ്ദേഹം പറഞ്ഞു. ഘാതകരായ ഈ ഭീകര ഭരണകൂടത്തെ ആണവായുധങ്ങൾ നേടാൻ അനുവദിക്കരുത്. അത് മാനവികതയെ ഭീഷണിപ്പെടുത്താൻ അവരെ സഹായിക്കും.

സംയുക്ത നടപടി ധീരരായ ഇറാനിയൻ ജനതയ്ക്ക് അവരുടെ വിധി സ്വന്തം കൈയിലെടുക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഓപ്പറേഷൻ റോറിംഗ് ലയൺ എന്ന് പേരിട്ടിരിക്കുന്ന ഈ സൈനിക നടപടിക്ക് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് പൂർണ പിന്തുണ പ്രഖ്യാപിച്ചിരുന്നു.

ഇറാനിൽ തങ്ങൾ വൻതോതിലുള്ള യുദ്ധനടപടികൾ ആരംഭിച്ചതായി ട്രംപും സ്ഥിരീകരിച്ചു. ആണവായുധങ്ങൾ നിർമിക്കില്ലെന്ന ഉറപ്പ് നൽകാതെ ചർച്ചകൾ കൊണ്ട് കാര്യമില്ലെന്നും ഇറാനിലെ ജനങ്ങൾക്ക് ലഭിക്കുന്ന അവസാന അവസരമാണിതെന്നും ട്രംപ് പറഞ്ഞു.

## യുഎഇയിലും ബഹ്റൈനിലും ഖത്തറിലും മിസൈലാക്രമണം: അബുദാബിയിൽ ഒരു മരണം

ടെഹ്റാൻ: ഇസ്രയേലും അമേരിക്കയും നടത്തിയ ആക്രമണങ്ങൾക്കെതിരെ തിരിച്ചടിച്ച് ഇറാൻ. ഗൾഫ് രാജ്യങ്ങളിലെ അമേരിക്കൻ സൈനിക താവളങ്ങൾക്ക് നേരെ ഇറാൻ നടത്തിയ ആക്രമണത്തിൽ ഒരാൾ മരിച്ചു. അബുദാബിയിൽ നടത്തിയ ആക്രമണത്തിലാണ് ഒരാൾ കൊല്ലപ്പെട്ടത്.ബഹ്റൈൻ, ഖത്തർ, കുവൈറ്റ്, അബുദാബി, സൗദി തുടങ്ങിയ രാജ്യങ്ങളിലെ അമേരിക്കൻ സൈനിക താവളങ്ങൾക്ക് നേരെ ഇറാൻ മിസൈലാക്രമണം നടത്തി. രണ്ട് മിസൈലുകളെ തകർത്തതായി ഖത്തർ പ്രതിരോധ മന്ത്രാലയം അറിയിച്ചു.

ബഹ്റൈനിലും അബുദാബിയിലും നിരവധി സ്ഫോടനമുണ്ടായതായി റിപ്പോർട്ടുകളുണ്ട്.




Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




അയ്യാ വൈകുണ്ഠസ്വാമി സ്മാരക ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# അയ്യാ വൈകുണ്ഠ സ്വാമി സ്മാരകം നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കാനുള്ള കരുത്തുറ്റ പ്രതിരോധമാകും: മുഖ്യമന്ത്രി

ചരിത്രത്തെ വക്രീകരിക്കാനും വ്യാജ ചരിത്രങ്ങൾ പ്രതിഷ്ഠിക്കാനുമുള്ള ശ്രമങ്ങൾ നടക്കുന്ന വർത്തമാനകാലത്ത്, അത്തരം നീക്കങ്ങൾക്കെതിരെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കാനുള്ള ശക്തമായ പ്രതിരോധമാകും അയ്യാ വൈകുണ്ഠ സ്വാമിയുടെ സ്മാരകമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാന സർക്കാർ സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ കിഫ്ബി ധനസഹായത്തോടെ 3.16 കോടി രൂപ ചെലവിൽ തിരുവനന്തപുരം പ്രസ് ക്ലബ്ബിനു സമീപം നിർമ്മിക്കുന്ന അയ്യാ വൈകുണ്ഠസ്വാമി സ്മാരകത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നമ്മുടെ നവോത്ഥാന പ്രസ്ഥാനത്തിന് അടിത്തറ പാകിയവരിൽ പ്രമുഖനായിരുന്നു അയ്യാ വൈകുണ്ഠ സ്വാമി. അദ്ദേഹം പണിതുയർത്തിയ ആ അടിത്തറയിലാണ് പിൽക്കാലത്ത് കേരള നവോത്ഥാനം ശക്തിപ്രാപിച്ചത്. അനാചാരങ്ങൾ നിറഞ്ഞ പഴയകാലത്തെ ഭദ്രമായിരുന്നു എന്ന് വാദിക്കുന്നവർക്കുള്ള മറുപടി കൂടിയാണ് അദ്ദേഹത്തിന്റെ ജീവിതവും പോരാട്ടങ്ങളും. തൊട്ടുകൂടായ്മയും ദൃഷ്ടിയിൽ പെട്ടാൽ പോലും ദോഷമുണ്ടാകുമെന്നുമുള്ള പ്രാകൃത ആചാരങ്ങൾ നിലനിന്ന കാലത്താണ് അദ്ദേഹം മനുഷ്യത്വത്തിന്റെ സന്ദേശവുമായി കടന്നുവന്നത്.

അദ്ദേഹം രൂപം നൽകിയ സമത്വ സമാജം ജാതിഭേദമന്യേ മനുഷ്യരെല്ലാം സമന്മാരാണെന്ന ബോധം സൃഷ്ടിച്ചു. ജന്മി-നാടുവാഴിത്ത ചൂഷണങ്ങൾക്കെതിരെയും സാമ്രാജ്യത്വ അധിനിവേശത്തിനെതിരെയും പോരാടിയ ഈ പ്രസ്ഥാനം അവകാശങ്ങൾക്കായി നിലകൊണ്ടു. ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെ പന്തിഭോജനം എന്ന ആശയം അദ്ദേഹം നടപ്പിലാക്കിയതായും മുഖ്യമന്ത്രി പറഞ്ഞു.

ശ്രീനാരായണ ഗുരു, അയ്യങ്കാളി, ചട്ടമ്പി സ്വാമികൾ, പൊയ്കയിൽ യോഹന്നാൻ തുടങ്ങിയ മഹാരഥന്മാർ നയിച്ച പോരാട്ടങ്ങളിലൂടെയാണ് ഇന്നത്തെ കേരളം രൂപപ്പെട്ടത്. നവോത്ഥാന നായകർ സ്ഥാപിച്ചെടുത്ത മനുഷ്യത്വത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സംസ്കാരത്തെ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടു പോകാനാവണം. മനുഷ്യനും മനുഷ്യനുമിടയിൽ ഒരു വേർതിരിവുമില്ലാത്ത സമഭാവനയുടെ സംസ്കാരം തെളിയുന്ന കാലം ഊട്ടിയുറപ്പിക്കാനാവണം. അതോടൊപ്പംതന്നെ പുരോഗമനോന്മുഖമായ കേരള സമൂഹത്തെ ഛിദ്രീകരിക്കാൻ കച്ചകെട്ടിയിറങ്ങിയ ഇരുട്ടിന്റെ ശക്തികളെ ചെറുക്കാനും കഴിയണം. അതിനൊക്കെയുള്ള പ്രചോദനങ്ങളുടെ കേന്ദ്രമാണ് അയ്യാ വൈകുണ്ഠ സ്മരണയെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ചടങ്ങിൽ കന്യാകുമാരി സ്വാമിതോപ്പ് അയ്യാ വൈകുണ്ഠസ്വാമി മഠാധിപതി ബാലപ്രജാപതി അടിഗളാർ മുഖ്യമന്ത്രിക്ക് ഉപഹാരം കൈമാറി. സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അദ്ധ്യക്ഷനായി. മന്ത്രിമാരായ കെ എൻ ബാലഗോപാൽ, വി ശിവൻകുട്ടി, എംഎൽഎമാരായ വി ജോയ്, കെ ആൻസലൻ, എം വിൻസെന്റ്, വി കെ പ്രശാന്ത്, ജി സ്റ്റീഫൻ, സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ ദിവ്യ എസ് അയ്യർ, കേരള നവോത്ഥാന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി പി രാമഭദ്രൻ തുടങ്ങിയവർ സന്നിഹിതരായി.

# അഷ്വേർഡ് പെൻഷൻ ഏപ്രിൽ ഒന്നുമുതൽ: ഉത്തരവായി

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അഷേർഡ് പെൻഷൻ ഉറപ്പാക്കിക്കൊണ്ട് സർക്കാർ ഉത്തരവായി. നാഷണൽ പെൻഷൻ സ്കീമിന് പകരമായി അഷേർഡ് പെൻഷൻ സ്കീം കൊണ്ടുവരുമെന്ന് ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായാണ് മിനിമം പെൻഷൻ ഉറപ്പാക്കുന്ന അഷേർഡ് പെൻഷൻ സ്കീം 2026 ഏപ്രിൽ ഒന്നുമുതൽ പ്രാബല്യത്തിൽ വരുത്തികൊണ്ട് ഉത്തരവിറക്കിയത്.

2026 ഏപ്രിൽ ഒന്നുമുതൽ സർവീസിൽ പ്രവേശിക്കുന്നവർക്ക് അഷേർഡ് പെൻഷൻ സ്കീമോ നാഷണൽ പെൻഷൻ സ്കീമോ തെരഞ്ഞെടുക്കാം. നിലവിൽ നാഷണൽ പെൻഷൻ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് അഷേർഡ് പെൻഷൻ സ്കീം തെരഞ്ഞെടുക്കാനും അവസരമുണ്ട്.

വിരമിക്കുന്ന സമയത്തെ അടിസ്ഥാന ശമ്പളത്തിന്റെ 50 ശതമാനമായിരിക്കും അഷേർഡ് പെൻഷൻ സ്കീമിലെ പരമാവധി പെൻഷൻ തുക. ഇത് സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള ശമ്പള സ്കെയിൽ അടിസ്ഥാനമാക്കിയായിരിക്കും കണക്കുകൂട്ടുക.

ക്ഷാമാശ്വാസവും (ഡി.ആർ) ഇതിനോടൊപ്പം ഉണ്ടാകും. പരമാവധി പെൻഷൻ ലഭിക്കുന്നതിന് 30 വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം. പദ്ധതിയുടെ എല്ലാ വിശദാംശങ്ങളും അടങ്ങിയ ഉത്തരവുകൾ പ്രത്യേകമായി ഇറക്കും.

## FORM IV

**Statement about ownership and other particulers about newspaper "NAUTICAL TIMES KERALA"**

| | | |
|---|---|---|
| **Place of publication** | : | **THIRUVANANTHAPURAM.** |
| **Periodicity of publication** | : | **DAILY** |
| **Printers Name** | : | **YESUDAS WILLIAM** |
| **Nationality** | : | **INDIAN** |
| **Address** | : | **`DARPAN', T.C 76/189 (1), THOPPIL LANE, ANAYARA P.O, THIRUVANANTHAPURAM-29** |
| **Printers Name** | : | **YESUDAS WILLIAM** |
| **Nationality** | : | **INDIAN.** |
| **Address** | : | **YESUDAS WILLIAM `DARPAN', T.C 76/189 (1), THOPPIL LANE, ANAYARA P.O, THIRUVANANTHAPURAM-29** |
| **Names and address of individuals who own the newspaper and partners or shareholders holdingmorethan one per cent of the total capital** | : | **YESUDAS WILLIAM `DARPAN', T.C 76/189 (1), THOPPIL LANE, ANAYARA P.O, THIRUVANANTHAPURAM-29** |

**I , YESUDAS WILLIAM, hereby declare that the particulars given above are true to the best of my knowledge and belief.**

**Sd/-**
**Signature of Editor, Printer, Publisher and Owner**

**Date 01-03-2026**

# ഭീം ആപ്പ് യുപിഐ സർക്കിൾ

തിരുവനന്തപുരം: നാഷണൽ പേയ്മെന്റ്സ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ ഉടമസ്ഥതയിലുള്ള ഭീം ആപ്പ് സുരക്ഷിതമായ ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ട് യുപിഐ സർക്കിൾ അവതരിപ്പിച്ചു. വിവിധ പണമിടപാടുകൾ നടത്തുമ്പോൾ സുരക്ഷയും നിയന്ത്രണവും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഭീം പേയ്മെന്റ്സ് ആപ്പ് 'യുപിഐ സർക്കിൾ' എന്ന പുതിയ ഫീച്ചർ അവതരിപ്പിച്ചിരിക്കുന്നത്. യുപിഐ സർക്കിൾ വഴി പ്രാഥമിക ഉപയോക്താവിന് പരമാവധി അഞ്ച് ദ്വിതീയ ഉപയോക്താക്കളെ അധികാരപ്പെടുത്തി, നിർദിഷ്ട പരിധിക്കുള്ളിൽ അവരുടെ ബാങ്ക് അക്കൗണ്ടിൽ നിന്ന് യുപിഐ ഇടപാടുകൾ നടത്താൻ അനുവദിക്കാം. ദ്വിതീയ ഉപയോക്താവിന് സർക്കിളിന് കീഴിൽ സ്വന്തം യുപിഐ ഐഡി സൃഷ്ടിച്ച് സ്വതന്ത്രമായി ഇടപാടുകൾ നടത്താനും സാധിക്കും. ഇതിലൂടെ യുപിഐ പിൻ, പാസ്‌വേഡ്, അല്ലെങ്കിൽ മൊബൈൽ ഡിവൈസ് എന്നിവയുടെ ആക്സസ് പങ്കിടേണ്ട സാഹചര്യമില്ല എന്ന പ്രത്യേകതയുമുണ്ട്.

# കുഫോസിൽ ആഗോള കടൽപായൽ ഉച്ചകോടി മാർച്ച് 5 മുതൽ

കൊച്ചി: ഇന്ത്യയുടെ വളർന്ന് വരുന്ന നീലസമ്പദ് വ്യവസ്ഥക്ക് ശക്തമായ പിന്തുണയുമായി, കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല (കുഫോസ്) സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര കടൽ പായൽ ഉച്ചകോടി 2026 മാർച്ച് 5 മുതൽ 7 വരെ കുഫോസിൽ നടക്കും.

മൂന്ന് ദിവസത്തെ ഈ അന്താരാഷ്ട്ര ഉച്ചകോടിയിൽ പ്രമുഖ ശാസ്ത്രജ്ഞർ, നയരൂപകർ, സംരംഭകർ, വ്യവസായ രംഗത്തെ പ്രമുഖർ എന്നിവരെ ഒരുമിച്ചുകൂട്ടിക്കൊണ്ട് ഭക്ഷ്യവ്യവസ്ഥ, കാലാവസ്ഥ വ്യതിയാന ലഘൂകരണം, സുസ്ഥിര ആക്വാകൾച്ചർ, തീരദേശ ജീവിതോപാധികൾ എന്നിവയിൽ കടൽ പായൽ എങ്ങനെ മാറ്റം വരുത്തുന്നു എന്ന് വിശദമായി ചർച്ച ചെയ്യും.

ഉച്ചകോടി മാർച്ച് 5-ന് കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ ക്ഷീര ന്യൂനപക്ഷ കാര്യ വകുപ്പ് സഹമന്ത്രി, ശ്രീ ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. കുഫോസ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എ. ബിജു കുമാർ അധ്യക്ഷനാകും. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫിഷറീസ് വകുപ്പ് ഉന്നത ഉദ്യോഗസ്ഥർ, നബാർഡ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB), പ്രമുഖ സമുദ്ര ഗവേഷണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുക്കും. ശ്രീ സാഗർ മെഹ്റ (Joint Secretary, Department of Fisheries, Govt. of India), ശ്രീ അബ്ദുൾ നാസർ (Special Secretary, Department of Fisheries, Govt. of Kerala), ശ്രീ ഷാജി കൃഷ്ണൻ വി (Chairman, NABARD), ഡോ. ബിജയ് കുമാർ ബെഹറ (Chief Executive, NFDB), ഡോ. ജോർജ് നൈനാൻ (Director, ICAR-CIFT) എന്നിവർ സാന്നിധ്യം വഹിക്കും.

സാങ്കേതിക സെഷനുകളിൽ ഫിലിപ്പീൻസ് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. (ഡോ.) മൈക്കൽ വൈ. റൊലെഡ, ഇറ്റലിയിലെ ഫോഗ്ജിയ സർവകലാശാലയിലെ പ്രൊഫ. (ഡോ.) മട്ടിയോ ഫ്രാങ്കാവില്ല, യുകെയിലെ സ്ട്രാത്ക്ലൈഡ് സർവകലാശാലയിലെ ഡോ. റൂ ആൻജലീ എഡ്രാഡ-എബൽ, ജപ്പാനിലെ ഷിമാനെ സർവകലാശാലയിലെ ഡോ. യോഷികിയോ കെസുക്കെ എന്നിവർ മുഖ്യ പ്രഭാഷണം നടത്തും.

അൽഗൽ ബയോഡൈവേഴ്സിറ്റി, ജീനോമിക്സ് & സെലക്ടീവ് ബ്രീഡിംഗ്, കാലാവസ്ഥാ മാറ്റവും സംരക്ഷണവും, ഫംഗ്ഷണൽ ഫുഡ്സ് & ന്യൂട്രാസ്യൂട്ടിക്കൽസ്, സുസ്ഥിര കൃഷിയും ഇന്റഗ്രേറ്റഡ് ആക്വാകൾച്ചർ സംവിധാനങ്ങളും, വ്യവസായ പ്രയോഗങ്ങളും വാല്യൂ ചെയിൻ വികസനവും, സർകുലർ ഇക്കണോമി മാതൃകകളും, മൈക്രോ-മാക്രോ ആൽഗൽ വിഭവങ്ങൾ ഉപയോഗിച്ചുള്ള ജീവിതോപാധി വികസനവും ഉൾപ്പെടെ വിവിധ വിഷയങ്ങളാണ് സിംപോസിയത്തിൽ ചർച്ച ചെയ്യുക.

ICAR-CMFRI (കൊച്ചി), ICAR-CIFT (കൊച്ചി), ICAR-NBFGR (ലക്നൗ), CSIR-CSMCRI (ഭാവ്നഗർ), ICAR-CIBA, ICAR-CIFE, INCOIS, NCSCM എന്നിവ ഉൾപ്പെടെ പ്രമുഖ ദേശീയ ഗവേഷണ സ്ഥാപനങ്ങളും സർവകലാശാലകളും പങ്കെടുക്കും.

മാർച്ച് 5-ന് ആരംഭിക്കുന്ന സീവീഡ് ഇൻഡസ്ട്രി പ്രദർശന മേള പ്രധാന ആകർഷണമാണ്. സീവീഡ് അടിസ്ഥാനമാക്കിയ ഫംഗ്ഷണൽ ഫുഡ്സ്, ന്യൂട്രാസ്യൂട്ടിക്കൽസ്, ബയോ-ഡീഗ്രേഡബിൾ പാക്കേജിംഗ് സാമഗ്രികൾ, ബയോഫെർട്ടിലൈസറുകൾ, ആക്വാകൾച്ചർ സാങ്കേതികവിദ്യകൾ, നിർമ്മിത ബുദ്ധി അധിഷ്ഠിത നിരീക്ഷണ സംവിധാനങ്ങൾ എന്നിവ പ്രദർശിപ്പിക്കും.

മൂല്യവർധിത ഭക്ഷ്യ ഉൽപ്പന്നങ്ങൾ, ബയോആക്ടീവ് സംയുക്തങ്ങളുടെ എക്സ്ട്രാക്ഷൻ സാങ്കേതികവിദ്യകൾ, സുസ്ഥിര കൃഷിമാതൃകകൾ, ബ്ലൂ ഇക്കണോമിയുമായി ചേർന്ന വ്യവസായ സാധ്യതകൾ എന്നിവയുടെ പ്രദർശനവും നടക്കും.

മാർച്ച് 6-ന് നടക്കുന്ന കടൽ പായൽ വ്യാവസായിക യോഗത്തിൽ ഗവേഷകർ, വ്യവസായ പ്രതിനിധികൾ, സംരംഭകർ എന്നിവർ പങ്കെടുത്തു കടൽ പായലിന്റെ വ്യാവസായിക സാധ്യതകൾ ചർച്ച ചെയ്യും. വ്യവസായിക-അക്കാദമിക് സഹകരണവും നിക്ഷേപ സാധ്യതകളും ശക്തിപ്പെടുത്തുക എന്നതാണ് ലക്ഷ്യം.അവസാന ദിവസം നയരൂപീകരണം, സർകുലർ ഇക്കണോമി മാതൃകകൾ, ജീവിതോപാധി വികസനം എന്നിവയെക്കുറിച്ചുള്ള ചർച്ചകളോടെ സമാപന സമ്മേളനവും അവാർഡ് വിതരണവും നടക്കും.

കാലാവസ്ഥാ പ്രതിരോധം, കാർബൺ ശോഷണം, ഭക്ഷ്യ നവീകരണം, തീരദേശ തൊഴിൽസാദ്ധ്യതകൾ എന്നിവയ്ക്കായി കടൽ പായൽ ഒരു സുപ്രധാന സമുദ്ര ജൈവവിഭവമായി ഉയർന്നുവരുന്ന സാഹചര്യത്തിൽ, ഈ സിംപോസിയം ഇന്ത്യയിലെയും വിദേശത്തെയും ഗവേഷകർ, വിദ്യാർത്ഥികൾ, സംരംഭകർ, വ്യവസായ രംഗത്തെ പങ്കാളികൾ എന്നിവരുടെ സജീവ പങ്കാളിത്തം ആകർഷിക്കുമെന്നാണ് പ്രതീക്ഷ.

# പോലീസിനെ ആക്രമിച്ചാൽ നിസാരമായി കാണില്ല: പോലീസ് മേധാവി

തിരുവനന്തപുരം: പോലീസിൻറെ മനോവീര്യം തകർക്കാമെന്ന് ആരും കരുതേണ്ടെന്നു സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖർ. നഗരൂർ സംഭവത്തിൽ കർശന നടപടി സ്വീകരിക്കും. കുറ്റക്കാർക്കു പരമാവധി ശിക്ഷ ഉറപ്പാക്കും. പോലീസിനെതിരായ അതിക്രമം നിസാര സംഭവമായി കാണില്ലെന്നും അദ്ദേഹം പറഞ്ഞു.ആരോഗ്യമന്ത്രി വീണ ജോർജിനെതിരെയുള്ള പ്രതിഷേധത്തിൽ കെഎസ്‌യു പ്രവർത്തകർക്കെതിരെ വധശ്രമക്കേസ് ചുമത്തിയത് ആദ്യഘട്ട വിവരങ്ങളുടെ അടിസ്ഥാനത്തിലാണെന്നും ഡിജിപി പറഞ്ഞു.

കേസ് നിലനിൽക്കുമോയെന്ന കാര്യം അന്വേഷണത്തിലൂടെ മാത്രമെ വ്യക്തമാകുകയുള്ളുവെന്നും അദ്ദേഹം വ്യക്തമാക്കി. മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്കു മറുപടിയായാണ് അദ്ദേഹം ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

നഗരൂരിൽ പോലീസ് വാഹനം തടഞ്ഞു നിർത്തി എസ്ഐയെ അസഭ്യം പറയുകയും കൈയേറ്റം ചെയ്യാൻ ശ്രമിച്ച സംഭവത്തിൽ രണ്ട് ഡിവൈഎഫ്ഐ പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. നഗരൂർ വെള്ളല്ലൂർ സ്വദേശികളായ രതീഷ്, വിഷ്ണു എന്നിവരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്.

വെള്ളല്ലൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറിയും ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറിയുമാണ് അറസ്റ്റിലായത്. കഴിഞ്ഞ ദിവസമാണ് നഗരൂർ പോലീസിൻറെ ജീപ്പ് തടഞ്ഞു നിർത്തി എസ്ഐക്കെതിരേ അസഭ്യവർഷം ചൊരിയുകയും കൈയേറ്റത്തിനു ശ്രമിക്കുകയും ചെയ്തത്.ഈ സംഭവത്തിൽ ഒൻപത് സിപിഎം , ഡിവൈഎഫ്ഐ പ്രവർത്തകർക്കെതിരെ പോലീസ് കേസെടുത്തിരുന്നു. നഗരൂരിൽ സ്ഥാപിച്ചിരുന്ന കോൺഗ്രസിൻറെ പുതുയുഗയാത്രയുടെ ഫ്ളെക്സ് ബോർഡുകൾ തകർത്ത കേസിൽ നഗരൂർ എസ്ഐ പ്രതികളുടെ വീട്ടിൽ നോട്ടീസ് നൽകാൻ പോയതാണ് പ്രകോപനത്തിനു കാരണം.

ഡിവൈഎഫ്ഐ പ്രവർത്തകർ പോലീസിനെ തടഞ്ഞു നിർത്തി അസഭ്യം പറയുന്ന ദൃശ്യങ്ങൾ വാർത്താമാധ്യമങ്ങളിലുടെ പുറത്തു വന്നതോടെയാണ് സംഭവത്തിൽ പോലീസ് കേസെടുത്തത്.

# പ്രൊപ്പഗാണ്ട ഏറ്റില്ല! കേരളത്തിൽ 'കേരള സ്റ്റോറി 2' കാണാൻ ആരുമില്ല

കൊച്ചി: കേരളത്തെ അധിക്ഷേപിക്കുന്ന തരത്തിലുള്ള ഉള്ളടക്കമുണ്ടെന്ന ആരോപണം നേരിട്ട 'കേരള സ്റ്റോറി 2' എന്ന സിനിമയ്ക്ക് കേരളത്തിലെ തിയേറ്ററുകളിൽ കാഴ്ചക്കാരില്ല. പ്രദർശനാനുമതി ലഭിച്ചിട്ടും പല തിയേറ്ററുകളിലും സിനിമ കാണാൻ ആളുകൾ എത്തുന്നില്ല.

സിനിമ പ്രദർശിപ്പിക്കുന്ന പല തിയേറ്ററുകളിലും വിരലിലെണ്ണാവുന്ന ആളുകൾ മാത്രമാണ് എത്തുന്നത്. ചിലേടങ്ങളിൽ മിനിമം ആളുകൾ ഇല്ലാത്തതിനാൽ ഷോകൾ റദ്ദാക്കേണ്ടി വരുന്ന സാഹചര്യവുമുണ്ട്.

കേരളത്തിനെതിരെയും ഒരു പ്രത്യേക വിഭാഗത്തിനെതിരെയും വിദ്വേഷം പടർത്തുന്ന രീതിയിലുള്ള 'പ്രൊപ്പഗാണ്ട' സിനിമയാണിതെന്ന വ്യാപകമായ വിമർശനം കേരളത്തിൽ ഉയർന്നിരുന്നു. ഇതു മലയാളികളെ സ്വാധീനിച്ചതാകാം സിനിമയോടുള്ള തണുപ്പൻ സമീപനത്തിനു പിന്നിലെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. സിനിമയുടെ ആദ്യ ഭാഗത്തിനെതിരെയും വലിയ പ്രതിഷേധങ്ങൾ ഉയർന്നിരുന്നു.

രണ്ടാം ഭാഗം ഇറങ്ങിയപ്പോഴും സമാനമായ രീതിയിൽത്തന്നെ കേരളത്തിലെ പൊതുസമൂഹം സിനിമയെ അവഗണിക്കുന്നുവെന്ന സൂചനയാണ് പ്രാഥമികമായി വരുന്നത്.

'കേരള മോഡൽ' ഐക്യത്തെ തകർക്കാനുള്ള നീക്കങ്ങൾ മലയാളികൾ തിരിച്ചറിയുന്നു എന്ന തരത്തിലുള്ള പ്രതികരണങ്ങളാണ് സിനിമയുട*!*!*െ! റിലീസിനോട് അനുബന്ധിച്ച് സോഷ്യൽ മീഡിയയിൽ നിറയുന്നത്.

അതേസമയം, കോടതി വ്യവഹാരങ്ങളിൽ കുടുങ്ങി അവസാന നിമിഷം റിലീസ് ചെയ്തതുകൊണ്ടാകാം കാണികൾ വിട്ടുനിൽക്കുന്നതെന്നും വരും ദിവസങ്ങളിൽ കാഴ്ചക്കാരെ കിട്ടുമെന്നുമാണ് സിനിമയുമായി ബന്ധപ്പെട്ടു നിൽക്കുന്ന വൃത്തങ്ങൾ അവകാശപ്പെടുന്നത്.

# കേരള സ്റ്റോറി 2 പ്രദർശിപ്പിക്കാൻ അനുവദിക്കില്ല ; പ്രതിഷേധവുമായി ഡിവൈഎഫ്ഐ

കൊച്ചി: ദി കേരള സ്റ്റോറി 2 ഗോസ് ബിയോണ്ട് സിനിമയുടെ റിലീസിനെതിരെ വ്യാപക പ്രതിഷേധവുമായി ഡിവൈഎഫ്ഐ. കണ്ണൂരിലും കൊച്ചിയിലും ഡിവൈഎഫ്ഐ പ്രവർത്തകർ തിയറ്ററുകളിലെത്തി പ്രതിഷേധിച്ചു. എറണാകുളത്തെ ഷേണായീസ് തിയറ്ററിൽ അധികൃതരും ഡിവൈഎഫ്ഐ പ്രവർത്തകരും തമ്മിൽ വാക്കേറ്റമുണ്ടായി.

കേരളത്തെ ഇകഴ്ത്തികാണിക്കുന്ന സിനിമയുടെ പ്രദർശനം അനുവദിക്കില്ലെന്നും പ്രദർശനം റദ്ദാക്കണമെന്നുമാണ് ഡിവൈഎഫ്ഐയുടെ ആവശ്യം. പ്രതിഷേധത്തെ തുടർന്ന് ഷേണായീസ് തിയറ്ററിൽ രാവിലെ 10.10ന് നടത്താനിരുന്ന പ്രദർശനം മാറ്റി. മുപ്പതു ടിക്കറ്റുകൾ ഇവിടെ വിറ്റുപോയിരുന്നു.സിനിമയുടെ റിലീസ് തടഞ്ഞ സിംഗിൾ ബെഞ്ച് ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തതോടെയാണ് ചിത്രം പ്രദർശനത്തിന് എത്തിയത്. നിർമാതാക്കൾ നൽകിയ അപ്പീലിലാണ് ജസ്റ്റീസ് സുശ്രുത് അരവിന്ദ് ധർമ്മാധികാരി, ജസ്റ്റീസ് പി.വി. ബാലകൃഷ്ണൻ എന്നിവരടങ്ങിയ ബെഞ്ചിൻറെ ഉത്തരവ്.